**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4528 25.10.2016-ൽ മറുപടിക്ക്

**<u>പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന കാർഷിക വായ്പ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന കാർഷിക വായ്പക്ക് പൂർണമായ പലിശഇളവ് നൽകിയിട്ടുണ്ടോ; | (എ) രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) വായ്പ പരിധി എത്രയാണ്; വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) വായ്പ പരിധി പരമാവധി 3 ലക്ഷം രൂപ വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് അനുസരിച്ചാണ് ഓരോ ജില്ലയിലും ഹ്രസ്വകാലകാർഷിക വിള വായ്പകൾ അനുവദിക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ കർഷകർ അംഗങ്ങളായിട്ടുള്ള അതാത് സംഘങ്ങളിൽ വായ്പാപേക്ഷ സമർപ്പിക്കണം. സംഘം ബൈലായിൽ നിഷ്കർഷിച്ചിട്ടുള്ള ഈട് വ്യവസ്ഥകൾ ബാധകമാണ്. |

| | |
|---|---|
| (സി) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പ വിതരണം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (സി) ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും/ബാങ്കും വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 25% ൽ കുറയാതെ കാർഷിക വായ്പ വിതരണം ചെയ്യണമെന്നും അത് 40% ആയി ഉയർത്തുവാൻ ശ്രമിക്കേണ്ടതാണെന്നും സംസ്ഥാനത്ത് പച്ചക്കറി ഉൾപ്പെടെ ആഭ്യന്തര കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിലും, തരിശു ഭൂമിയിലും, കൃഷിക്കായി കർഷകർക്കും, സ്വയം സഹായ സംഘങ്ങൾ/ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്കും ആവശ്യമായ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നബാർഡ് പുനർ വായ്പ ലഭിക്കാത്ത സംഘങ്ങളും/വായ്പാ പരിധി കഴിഞ്ഞ സംഘങ്ങളും കേന്ദ്ര സർക്കാർ സംഘങ്ങൾക്കായി പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്-വെൻഷൻ (ഇളവ്) സ്വീകരിച്ച് സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്ത്, കൃഷി, സഹകരണ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**